## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **6336**

**08.11.2016 ൽ മറുപടിക്ക്**

### ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഒഴിവുകൾ

**ചോദ്യം:**
**ശ്രീ. കെ.വി.വിജയദാസ്**

**ഉത്തരം :**
**ശ്രീ. പിണറായി വിജയൻ**
**(ബഹു: മുഖ്യമന്ത്രി)**

**(എ)** കേരളത്തിൽ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ട്; വിശദവിവരം നൽകുമോ;

**(എ)** കേരളത്തിൽ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. കേഡറുകളിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ യഥാക്രമം 231, 172, 107 എന്നിങ്ങനെയാണ്. ഓരോ കേഡർ റിവ്യൂവിലും കേന്ദ്ര സർക്കാർ ഇത്തരത്തിൽ തസ്തികകളുടെ എണ്ണം നിശ്ചയിക്കുന്നത് ഭാവിയിലേക്കുള്ള തസ്തികകളുടെ ആവശ്യകതയും കേന്ദ്ര ഡെപ്യൂട്ടേഷനിലേക്കും ട്രെയിനിംഗിനും നിയോഗിക്കപ്പെടാവുന്ന ഉദ്യോഗസ്ഥരുടെ എണ്ണവും ചേർത്താണ്. ആയതിനാൽ ഐ.എ.എസ്./ ഐ.പി.എസ്/ഐ.എഫ്.എസ്. തസ്തികകളിലുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുവാൻ സാങ്കേതിക തടസ്സമുണ്ട്.

**(ബി)** ഒരു വകുപ്പുമേധാവി തന്നെ പല വകുപ്പുകളുടെ ചുമതല വഹിയ്ക്കേണ്ടിവരുന്ന സാഹചര്യത്തിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

**(ബി)** ഐ.എ.എസ്./ഐ.പി.എസ്/ ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് ഓരോ കേഡർ റിവ്യൂവിലും കൂടുതൽ തസ്തികകൾ അനുവദിക്കപ്പെടേണ്ടതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്തി പരമാവധി തസ്തികകളും ഉദ്യോഗസ്ഥരേയും കേരള കേഡറിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

| | |
|---|---|
| **(സി)** കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ച് എത്രയും വേഗം നടപടി പൂർത്തീകരിക്കുന്ന പക്ഷം ഈ വിഷയത്തിന് പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ; വിശദവിവരം നൽകുമോ;<br><br>**(ഡി)** എങ്കിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ രൂപീകരണം എന്ന് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | **(സി) യും (ഡി)യും** ഉണ്ട്. 24.09.2013-ലെ ജി.ഒ.(ആർ.ടി) 7725/2013/ജിഎഡി, 16.08.2014-ലെ ജി.ഒ.(എം.എസ്.) 228/2014/ജിഎഡി, 05.01.2015-ലെ ജി.ഒ. (എം.എസ്.) 1/2015/ജിഎഡി എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പുനരവലോകനത്തിനായി ആഭ്യന്തരവും വിജിലൻസും അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായിട്ടുള്ള സെക്രട്ടറിമാരുടെ ഒരു ആറംഗകമ്മിറ്റി 16.08.2016-ലെ ജി.ഒ.(ആർ.ടി.) 322/2016/പി&എ.ആർ.ഡി ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾ തേടി വരികയാണ്. |

**സെക്ഷൻ ഓഫീസർ**